# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി 14/1290/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി 14/1290/25

തീയ്യതി: 23/09/2025

**<u>പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-07-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

**<u>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഷോബി വി പി | ഡെപ്യൂട്ടി ഡയറക്ടർ | 07-07-2025 | 16-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 07-07-2025 | 16-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. പ്രീത യു ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനില സി എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഹിഷാം എം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ എൻ വി ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു പി ആർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി കാഞ്ചന കെ | സെക്രട്ടറി | 01-04-2024 | 05-05-2024 |
| ശ്രീമതി അനിത നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2024 | 12-05-2024 |
| ശ്രീമതി കാഞ്ചന കെ | സെക്രട്ടറി | 13-05-2024 | 15-08-2024 |
| ശ്രീമതി അനിത നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-08-2024 | 08-09-2024 |
| ശ്രീമതി കാഞ്ചന കെ | സെക്രട്ടറി | 09-09-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി അനിത നാരായണൻ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ജിജി ജെ | കൃഷി ഓഫീസർ | 01-04-2024 | 13-12-2024 |
| ശ്രീ സുഭാഷ് എം എൻ | കൃഷി ഓഫീസർ | 14-12-2024 | 31-03-2025 |
| ഡോ. ഉഷാകുമാരി പി കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. നിഷ എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. സുധി ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീലത പി ടി | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് | 01-04-2024 | 31-03-2025 |
| ശ്രീമതി സ്മിത എം ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. ബോബി മാണി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2024 | 13-05-2024 |
| ഡോ. ഷിനോജ് പി ആർ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 14-05-2024 | 31-03-2025 |
| ശ്രീ വത്സകുമാർ പി കെ | അസി. എഞ്ചിനീയർ | 01-04-2024 | 03-01-2025 |
| ശ്രീമതി ശാന്തി എസ് | അസി. എഞ്ചിനീയർ | 04-01-2025 | 15-01-2025 |
| ശ്രീമതി സജ്ന ആർ | അസി. എഞ്ചിനീയർ | 16-01-2025 | 31-03-2025 |
| കുമാരി മായ എ | വി.ഇ.ഒ 1(ഇൻ ചാർജ്ജ്) | 01-04-2024 | 08-09-2024 |

| | | | |
|---|---|---|---|
| ശ്രീമതി അനുഷ ജെ | വി.ഇ.ഒ 1 | 09-09-2024 | 31-03-2025 |
| കുമാരി മായ എ | വി ഇ ഒ 2 | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രിയങ്ക യു ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

-

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | KSmart -ബാങ്ക് ബുക്ക് പൂർണ്ണമല്ല | 1-11-1 |
| 16 | KSmart അക്കൗണ്ടിങ്ങ് - റിക്കൺസിലിയേഷൻ ലഭ്യമല്ല | 1-11 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 18 | ഓഡിറ്റ് ഇംപാക്ട് - ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റ് ഫീയിനത്തിൽ 36428രൂപ അടവാക്കി | 1-13 |
| 19 | സുലേഖ ചെലവ് പത്രികയിൽ സാമ്പത്തിക വർഷത്തെ ചെലവുകൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 20 | എ ബി സി പദ്ധതി - കൈമാറിയ തുക വിനിയോഗിച്ചിട്ടില്ല | 1-15 |

| | | |
|---|---|---|
| 21 | സ്ട്രീറ്റ് മൈൻ ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല | 1-16 |
| 22 | ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ | 1-17 |
| 23 | കുടിവെള്ള വിതരണം - ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 24 | മാലിന്യം ഖരമാലിന്യപ്ലാന്റിലേക്ക് എത്തിക്കൽ -വാഹനവാടക | 1-19 |
| 25 | മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ-സ്റ്റോക്കിലെടുത്തതിലെ അപാകത | 1-20 |
| 26 | ഭിന്നശേഷിക്കാർക്ക് കോക്ലിയർ ഇംപ്ലാന്റ് | 1-21 |
| 27 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സോളാർ - പദ്ധതി പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതാണ് | 1-22 |
| 28 | കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി അധിക ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാരുടെ നിയമനം -അപാകതകൾ | 1-23 |
| 29 | കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി നിയമിച്ച ഡോക്ടർക്ക് അധിക വേതനം അനുവദിച്ചു | 1-24 |
| 30 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 31 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-26 |
| 32 | സ്പിൽ ഓവർ പ്രവൃത്തികൾ - സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 33 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കേണ്ടതാണ് | 1-28 |
| 34 | ജലജീവൻ മിഷൻ പദ്ധതി അവലോകനം | 1-29 |
| 35 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-30 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനം-കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർക്ക് അധിക വേതനം അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം | 4-1 |
| 2 | വാർഷിക കണക്ക് പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊ സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർ ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ട നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസ & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രിക പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറ ഭരണസമിതിയുടെ 21-05-2025 തീയതിയിലെ 3/1-ാം നം. തീരുമാനം പ്രകാരം അംഗീക 24-05-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധന പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 199 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓ മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റ് അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നത എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡു പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപര തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണ

തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റു വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളു അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളു 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: പാലക്കാട്
തീയതി:

ഡെപ്യൂട്ടി ഡയ

## <u>1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത</u>

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ത ചേർത്തിരിക്കുന്ന അപാകത നിലനിൽക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In ( And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12011302.00 രൂപയാണ്. എന്ന ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കു -3018732.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം ( രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## <u>1-1-3 ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കിയി എന്ന് വ്യക്തമല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets), B-11(/ Accumulated Depriciation - എന്നീ ഷെഡ്യൂളുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല

സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കെ.എസ്.ഇ.ബി യിലെ വി ഇലക്ട്രിക്കൽ സെക്ഷനുകളിലായി നിക്ഷേപിച്ച 794063 രൂപ, പുതുപ്പരിയാരം കുടുംബാരേ കേന്ദ്രത്തിൽ 20 KW സോളാർ സ്ഥാപിക്കുന്നത് ഡെപ്പോസിറ്റ് വർക്ക് അ നടപ്പാക്കുന്നതിന് ANERT പാലക്കാട്- ലേക്ക് നിക്ഷേപിച്ച 1435258 രൂപ എന്ന ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18ൽ (Loans, Advances &Deposits) പ്രതിഫലിക്കുന്നില്ല.

## 1-2 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7-02-24തീയതിയിലെ യോഗ തീരുമാനം നം പഞ്ചായത്ത് ഭരണ സമിതിയുടെ 9.02.24 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രക 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 29630754 |
| തൻവർഷം വരവ് | 302655000 |
| ആകെ | 332285754 |
| ചെലവ് | 303197600 |
| നീക്കിയിരിപ്പ് | 29088154 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4-03-25 തീയതിയിലെ യോഗ തീരുമാനം നം പഞ്ചായത്ത് ഭരണ സമിതിയുടെ 13.03.25 തീയതിയിലെ യോഗ തീരുമാനം നം. 2 എന്ന പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 36635592 |
| തൻവർഷം വരവ് | 297462042 |
| ആകെ | 334097634 |
| ചെലവ് | 295380500 |
| നീക്കിയിരിപ്പ് | 38717134 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 49826369 |
| വരവ് | 89093709 |
| ആകെ | 138920078 |
| ചെലവ് | 77082407 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 61837671 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 27698000 | 27698000 | 27575998 | 122002 |
| വികസനഫണ്ട് - എസ്.സി.പി | 0 | 11720000 | 11720000 | 11171904 | 548096 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 556000 | 556000 | 556000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17035000 | 17035000 | 10363054 | 6671946 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10739000 | 10739000 | *9635450 | 1103550 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | **9823798 | 10734000 | 20557798 | 4789018 | 15768780 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 2976995 | 2976995 | 1259518 | 1717477 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ബാങ്ക് | **5098040 | 5349328 | 10447368 | 4810452 | 5636916 |
| സെൻട്രൽ ഫിനാൻസ് | 0 | 1100780 | 1100780 | 1100780 | 0 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | | | | | |

*മെയ്ന്റനൻസ് റോഡിതരം - വാർഷിക കണക്കും ചെലവ് സ്റ്റേറ്റ്മെന്റുമായി 32 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**2023-24 വർഷത്തെ CFC ടൈഡ് ഫണ്ട് നീക്കിയിരുപ്പിൽ ബേസിക് ഗ്രാ 4425474രൂപ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തൻവർഷത്തെ ടൈഡ് പ മുന്നിരുപ്പിൽ ഉൾപ്പെടുത്തുമ്പോൾ തൻവർഷത്തെ നീക്കിയിരുപ്പുകൾ കൃത്യമാകുന്ന ആയതിനാൽ 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരുപ്പ തൻവർഷം മുന്നിരിപ്പായി ചേർത്തിട്ടുള്ളത്. എസിആർ പ്രകാരമുള്ള മുന്നിരിപ്പ്, വ ചെലവുകൾ, നീക്കിയിരുപ്പ് എന്നിവയാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

പ്രത്യേകോദ്ദേശ ഗ്രാന്റുകൾ

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 3027280 | 3650149 | 6677429 | 3527280 | 3150149 |
| Swach Bharath Abhiyan | 0 | 120000 | 120000 | 120000 | 0 |
| Suchitwa Mission | 2748601 | 349924 | 3098525 | 0 | 3098525 |
| Ayush Mission - Ayurveda | 250000 | 0 | 250000 | 0 | 250000 |
| Ayush Mission Homoeo | 500000 | 0 | 500000 | 469496 | 30504 |
| ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure) | 472860 | 510082 | 982942 | 425837 | 557105 |
| ഹെൽത്ത് ഗ്രാന്റ്(Towards Buildingless Sub Centres PHC& CHCs) | 8416501 | 247429 | 8663930 | 0 | 8663930 |
| ഹെൽത്ത് ഗ്രാന്റ് (Conversion To Wellness Centres) | 26735 | 767784 | 794519 | 11400 | 783119 |

സംസ്ഥാനാവിഷ്കൃതം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 720000 | 700000 | 1420000 | 1020000 | 400000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ത ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 276 | 207429831 | 194 | 97013921 | 82 | 70 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 70% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീക ലഭ്യമാക്കിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 9278769 | 7751855 | 84 |
| വെറ്ററിനറി സർജ്ജൻ | 4 | 2 | 592000 | 250000 | 42 |
| മെഡിക്കൽ ഓഫീസർ- PHC | 22 | 15 | 13602420 | 6250987 | 46 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 4 | 4 | 963289 | 963178 | 99.9 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 5 | 5 | 543403 | 543289 | 99.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 15 | 9150556 | 8803044 | 96 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ I | 11 | 7 | 35895808 | 13820000 | 39 |
| വി.ഇ.ഒ II | 9 | 7 | 44457500 | 12587750 | 28 |
| സെക്രട്ടറി | 50 | 31 | 26476093 | 13221145 | 50 |
| അസി.സെക്രട്ടറി | 19 | 18 | 7204495 | 5657458 | 79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 117 | 73 | 56290008 | 24848375 | 44 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 8 | 6 | 1625490 | 1321721 | 81 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1350000 | 995119 | 74 |
| ആകെ | 276 | 194 | 207429831 | 97013921 | 47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3814 | 1631715 | 1635529 | 1631917 | 3612 |
| EFMS | 0 | 29927972 | 29927972 | 29927972 | 0 |
| ആകെ | 3814 | 31559687 | 31563501 | 31559889 | 3612 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ത കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7414800 | 472 |
| 2 | വിധവാ പെൻഷൻ | 22378700 | 1538 |
| 3 | വാർദ്ധക്യകാല പെൻഷൻ | 36461400 | 2621 |
| 4 | വികലാംഗ പെൻഷൻ | 5716100 | 388 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1419800 | 93 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യ ബാലൻസ് പരിശോധന 11.07.2025 തീയതിയിൽ 3.30 Pm ന് പഞ്ചായത്ത് സെക്രട്ടറി സാന്നിദ്ധ്യത്തിൽ നടത്തി. 9128 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 9.07.25 വരെ പ്രാബല്യത്തില ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്ര ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രക ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, കംപ്യൂട്ടർവൽക്കരണം എന്ന സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം അക്കൗണ്ട് തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാ ചെയ്തിട്ടുള്ളത്. K Smart Software 01.04.2025 മുതൽ നിലവിൽ വന്നിട്ടുണ്ട്. കെ.സ്മാർ ബാങ്ക് റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഓപ്ഷൻ നില വരാത്തതിനാൽ പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2025 ഏപ്ര മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. അപാകത പ്രത്യേക ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ് റൂൾസ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 1 പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. പൗരാവകാശരേഖ 2024 വരെ കാലികമാക്കിയിട്ടുണ്ട്.
2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആസൂത്രണ സമിതി, വർക്ക ഗ്രൂപ്പ് യോഗങ്ങൾ കൂടിയിട്ടുണ്ട്. ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ സക ആപ്ലിക്കേഷൻ മുഖേനയാണ് തയ്യാറാക്കിയിട്ടുള്ളത്. ഭരണസമിതിയോഗങ്ങ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേ പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാര സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴി മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പല തീയതികളിലെയും മിനിട്ട്സുകൾ തയ്യാറാക്കിയ മാസങ്ങളോളം കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം ത പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമ സകർമ്മ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക വർഷത്തെ വാങ്ങലു വിവിധ പർച്ചേസ് കമ്മിറ്റി യോഗങ്ങളിലായി അംഗീകരിച്ചിട്ടുണ്ട്.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കി സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് അ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസ നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങ എന്നിവയുടെ സർവ്വെ പൂർത്തീകരിച്ച് അവ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമ R-Track ൽ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ നടന്നുവരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 2005-06 മുതൽ 2009-10 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2021 മാസത്തെ ഓഡിറ്റ് 29.1.2022 തീയതിയ പൂർത്തിയാക്കിയിട്ടുണ്ട്. പരാമർശങ്ങളെല്ലാം തന്നെ തീർപ്പാക്കിയിട്ടുണ്ട്.

## 1-11-1 KSmart -ബാങ്ക് ബുക്ക് പൂർണ്ണമല്ല

KSmart -ൽ തനത് ഫണ്ട് അക്കൗണ്ട് ( നം 102100010000709 ) - ന്റെ ബാങ്ക് ബുക ഏപ്രിൽ 2025, മെയ് 2025 മാസങ്ങളിലെ വരവും ചെലവും പൂർണ്ണമായി ചേർത്തത കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡ അന്വേഷണം നം 22 (2) /15.07.2025 -ന് KSmart -ൽ എൻട്രികൾ നടത്തുന്നതിന പരിജ്ഞാനം ജീവനക്കാർക്ക് ഇല്ലാത്തതിനാലാണ് പ്രസ്തുത മാസങ്ങളിലെ ബാങ്ക് ബ അപൂർണ്ണമായതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള പ്രായോഗിക ബുദ്ധിമുട്ടു ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-11 KSmart അക്കൗണ്ടിങ്ങ് - റിക്കൺസിലിയേഷൻ ലഭ്യമല്ല

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയ ജി.ഒ(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസ ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമ പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞ അടുത്ത അഞ്ചാം തീയതിക്കകം അക്കൌണ്ടന്റ് പൊരുത്തപ്പെടുത്തൽ പ തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്ന പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2025 ഏപ്രിൽ മു നാളിതുവരെയുള്ള റീകൺസീലിയേഷൻ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.22 /15.07.2025 -ന് മറുപടിയായി KS

-ൽ റീകൺസീലിയേഷൻ മൊഡ്യൂൾ സംവിധാനം ഇല്ലാത്തതിനാൽ റീകൺസീലിയേ ചെയ്യാത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റീകൺസീലിയേഷൻ സമയബന്ധിതമ പൂർത്തിയാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) (ii)എ(I) പ്രകാരം ഒ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും.
പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററും, തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ച താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നി ഈടാക്കിയതായി കാണുന്നില്ല . ഓഡിറ്റ് അന്വേഷണം നം. 04 /07.07.2025 -ന് തൊ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും ഈടാക്കി രേഖ ഹാജരാക്കാമെന്നും മറുപടി ലഭിച്ചിട്ടുണ്ട്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷയിൽ നിന്നും ലഭിച്ചത് ) |
|---|---|---|
| 88 | ദേവി എക്സ്പ്ലോസിവ്സ് | 02 |

ലൈസൻസ് അപേക്ഷിക്കുന്ന സമയത്തു തന്നെ തൊഴിൽ നികുതി രജിസ്റ്റ സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്ട് - ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് ഫീയിനത്തിൽ 36428രൂപ അടവാക്കി

സ.ഉ നം.56/2020/ത.സ്വ.ഭ.വ/തീയതി 24.09.2020 KPBR 2019 ചട്ടം 9(4), 56(3),7 74(3) & 75(4) Schedule II പട്ടിക പ്രകാരം പഞ്ചായത്ത് പരിധിയിലെ സബ്ഡിവിഷന് ഡെവലപ്പ്മെന്റ് പെർമിറ്റ് ഫീ 750 രൂപ/ ആർ ആയി ഈടാക്കേണ്ടതാ ഭരണ സമിതി തീരുമാനം നം. 01, തീ 30.01.2025 പ്രകാരം പഞ്ചായത്ത് പരിധിയിൽ ല ഡവലപ്പ്മെൻറ് പെർമിറ്റ് എടുക്കാതെ സ്ഥലം ഹൗസ് പ്ലോട്ടുകളാക്കി മാറ്റ പഞ്ചായത്തിൻറെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത് ഫീൽഡ് ക്ലർക്ക്, വാ മെമ്പർ എന്നിവരെ ചുമതലപ്പെടുത്തിയതായും കാണുന്നുണ്ട്.

ക്രമ നമ്പർ : 377
ഫയൽ നമ്പർ : A 3 - 2017/ 25 തീ 01.03.2025
ഡെവലപ്പ്മെന്റ് പെർമിറ്റ് നമ്പർ : – A 3 - BA ( 172478 / 2025 )
പ്ലോട്ട് വിസ്തീർണ്ണം : 4857 ച മീ ( 48.57 ആർ )

പ്രസ്തുത പ്ലോട്ട് ഡെവലപ്പ്മെന്റ് അപേക്ഷ പരിശോധിച്ചപ്പോൾ ഡെവലപ്പ്മെന്റ് പെർമിറ്റ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

| പ്ലോട്ട് വിവരങ്ങൾ | ഡെവലപ്പ്മെന്റ് ഫീ (രൂപ) | | കുറവ് (രൂപ) |
|---|---|---|---|
| | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| ആകെ പ്ലോട്ട്സ് : 15 | 48.57 X750 = 36428 | 0 | 36428 |

ഓഡിറ്റ് അന്വേഷണം നം 11 /10.07.2025 -ന് മറുപടിയായി 36428 രൂപ ഈടാക്കി രേഖ ( രസീതി നം. G091304-25003326 തീ 16.07.2025 ) ഹാജരാക്കി .
ഭാവിയിൽ ഇതുപോലെയുള്ള അപാകതകൾ തടയുവാൻ പ്ലോട്ട് ഡെവലപ്പ്മെന്റ് അപേക്ഷ അസിസ്റ്റന്റ് സെക്രട്ടറിയും കൂടി പരിശോധിച്ച്, ഡെവലപ്പ്മെന്റ് പെർമിറ്റ് നിർണ്ണയിക്കേണ്ടതും, ആയത് ഈടാക്കി എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>1-14 സുലേഖ ചെലവ് പത്രികയിൽ സാമ്പത്തിക വർഷത്തെ ചെലവുകൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല</u>

സാമ്പത്തിക വർഷത്തെ ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നതി അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ 12/25 നം. പ്രോജക്ടിലെ 23200 രൂപയുടെ ചെല ട്രഷറി ബിൽ 1/18.5.24) സുലേഖ ചെലവ് പത്രികയിൽ പ്രോജക്ടിന്റെ ആകെ ചെല ഉൾപ്പെടുത്തിയിട്ടില്ല. (യഥാർത്ഥ ചെലവ്₹ 267680, സുലേഖയിൽ ചേർത്തത്-₹ 244480)

2.മെഡിക്കൽ ഓഫീസർ FHC നിർവഹണം നടത്തിയ നം. 263/25 ആരേ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പ്രോജക്ടിലെ 50 രൂപയുടെ ചെലവ് (വൗച്ചർ നം.22400852/22.10.24) സുലേഖ ചെലവ് പത്രികാ പ്രോജക്ടിന്റെ ആകെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.(യഥാർത്ഥ ചെലവ്₹ 425 സുലേഖയിൽ ചേർത്തത്-₹ 375237)

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/15.7.25) ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തത് സംബന്ധിച്ച് ഐകെഎം ന് ക നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-15 എ ബി സി പദ്ധതി - കൈമാറിയ തുക വിനിയോഗിച്ചിട്ടില്ല</u>

| | |
|---|---|
| പ്രൊജക്ട് | 4/25, എ ബി സി പദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹ 300000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹ 300000 |
| ബിൽ നം./തീയതി | 44/15.03.25 |

എ.ബി.സി പ്രോഗ്രാമിനായി 300000രൂ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് 799011400002200) കൈമാറിയിട്ടുണ്ട്. കൈമാറിയ വിഹിതം അനുസരി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ മോണിറ്ററ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ സംബന്ധിച്ച വിശദാംശ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/10.07.25) ജില്ലാപഞ്ചയത്ത നിന്നും വിനിയോഗവിവരം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എ മറുപടി ലഭ്യമാക്കി. പഞ്ചായത്ത് പരിധിയിൽ പദ്ധതിയ്ക്കായി തുക വിനിയോഗിക്കുന്നതിന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-16 സ്ട്രീറ്റ് മെൻ ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല</u>**

| | |
|---|---|
| പ്രൊജക്ട് | 265/25, സ്ട്രീറ്റ് മൈൻ ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹ 800000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 794063 |
| ബിൽ നം./തീയതി | XVFC/2024-25/P/74/15.03.25 – 40000<br>XVFC/2024-25/P/76/21.03.25 – 61761<br>XVFC/2024-25/P/80/24.03.25 – 618239<br>XVFC/2024-25/P/101/27.03.25-74063 |

സ്ട്രീറ്റ് മൈൻ ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിയ്ക്കായി വിവിധ ഇലക്ട്രിക് സെക്ഷനുകൾക്ക് താഴെചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ഇലക്ട്രിക്ക് സെക്ഷൻ | കൈമാറിയ തുക |
|---|---|
| മുണ്ടൂർ | 40000 |
| കൽപ്പാത്തി | 61761 |
| ഒലവക്കോട് | 692302 (618239+74063) |

ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്ക് സെക്ഷൻ, ഒലവക്കോട് - ന് എസ്റ്റിമേറ്റ് 35/OKD/PPM Street Main/2024-25/75/22.03.25) പ്രകാരം ആകെ 692302 നൽകിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയും ഒലവക്കോട് കെ എസ് ഇ ബി അസിസ എഞ്ചിനീയറും തമ്മിൽ ഏർപ്പെട്ട കരാറുടമ്പടിയിൽ (നം.11/24-25/22.03.25) കൈമാ തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് രേഖപ്പെടുത്തിയി പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താതിനുള്ള കാരണം, പ്രവൃ പൂർത്തിയാക്കിയതിന്റെ വിശദാംശം, തുകയുടെ വിനിയോഗ വിവരം എന്നിവ ആവശ്യ ഓഡിറ്റ് അന്വേഷണം (7/10.07.25) നൽകിയതിന് പൂർത്തീകരണ കാലയ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപ കെ എസ് ഇ ബി-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെ അറിയിച്ചു.

കരാറുടമ്പടിയിൽ വ്യക്തമായും കൃത്യമായും അവശ്യം വേണ്ടുന്ന വിവരം രേഖപ്പെടുത്തേണ്ടതും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ

1)

| | |
|---|---|
| പ്രൊജക്ട് | 189/25 (So), ഹരിതസഹായ സ്ഥാപനത്തിന് നടത്തിപ്പ് തുക |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹ 55778 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹ 55778 |
| ബിൽ നം./തീയതി | 7/28.06.24 |

2)

| | |
|---|---|
| പ്രൊജക്ട് | 146/25, ഹരിതസഹായ സ്ഥാപനത്തിന് നടത്തിപ്പ് തുക |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹ 115000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹ 111556 |
| ബിൽ നം./തീയതി | 8/28.06.24 -₹55778<br>14/19.12.24 -₹55778 |

പ്രൊജക്ടുകൾ പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന ഹരിതസഹായ സ്ഥാപനത്തെ ഏൽപ്പിക്കുകയും 2/24 മുതൽ 7/24 വരെ കാലയളവിലേക്ക് ഐ ആർ ടി സി മുണ്ടൂരിന് 27889 രൂപ പ്രതിമാസ നിരക്കിൽ പദ്ധതികളിലുമായി 6 മാസത്തേക്ക് മേൽ രേഖപ്പെടുത്തിയ പ്രകാരം ആകെ 167334/- നൽകിയിട്ടുണ്ട്. ഇതിനായി സെക്രട്ടറിയും ഐ ആർ ടി സി മുണ്ടൂർ രജിസ്ട്രാറും തമ 01.02.24-ന് കരാറിലേർപ്പെട്ടിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണത്തിന പൊതുസംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ത സ്വ ഭ വ സ്ഥാപനങ്ങ സഹായിക്കുക, ഇവയുടെ പ്രവർത്തനം ഉറപ്പാക്കുക, അജൈവ മാലിന്യം തരം തി സൂക്ഷിക്കുന്നതിനും പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്ന ഹരിതകർമ്മ സേനയെ പരിശീലിപ്പിക്കുക, അജൈവമാലിന്യം എം സി എഫിൽ നി സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ, പിന്തുണ എന്ന പഞ്ചായത്തിനും സേനാംഗങ്ങൾക്കും നൽകുക എന്നീ ഉടമ്പടികൾ കരാ

ഉൾപ്പെടുത്തിയിട്ടുണ്ട്.

കരാറിൽ പരാമർശിച്ചിരിക്കുന്ന സ.ഉ(സാധാ)നം.407/2018/തസ്വഭവ തീയതി 09.02.
പ്രകാരം ആദ്യ രണ്ടുവർഷം ഹരിതസഹായ സ്ഥാപനത്തിനുള്ള നടത്തിപ്പ് തുക ത.സ്വ
സ്ഥാപനങ്ങൾ നൽകേണ്ടതുണ്ട്. എന്നാൽ ആദ്യവർഷത്തെ പ്രവർത്തനം റിവ്യൂ ചെയ്ത
ശേഷമായിരിക്കണം ചുമതല തുടർന്നും നൽകേണ്ടത്. ഈ കാലയളവിനുള്ള
ഹരിതകർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിക്കുന്നതിനാൽ തുടർന്ന്
ആവശ്യത്തിന് ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ആവശ്യമായി വ
എന്നതുകൊണ്ട് രണ്ടു വർഷത്തിനുശേഷം ഒരു കാരണവശാലും ഇവർക്ക് തുക അനുവദിക
പാടില്ല.

ഇതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചത്, ഇത്
ഭാഗമായി പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ സ്ഥാപനത്തിന്റെ സഹായം മുൻവർഷങ്ങ
എത്ര കാലയളവിലേക്ക് ഉപയോഗിച്ചിരുന്നു എന്ന വിവരം, മുൻവർഷങ്ങളിൽ ഇതുമ
ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ (അടങ്കൽ, ചെല
കരാറുടമ്പടി പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ സേനാംഗങ്ങൾക്ക് ലഭ്യ
അധിക വരുമാനദായകപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശ
ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (29/16.07.25) നൽകി.

ഇതിന് മറുപടിയായി ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2019 ജൂൺമ
മുതൽക്കാണെന്നും 2019-20, 2020-21 വർഷങ്ങളിൽ ഹരിതസഹായ സ്ഥാപനത്ത
സേവനം ഒന്നരവർഷക്കാലത്തേക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. 2023-24 കാലയള
സേനാംഗങ്ങളുടെ എണ്ണക്കുറവ്, ക്യൂ ആർ കോഡ് സ്കാൻ ചെയ്യുന്നതിനുള്ള പരിചയക്ക
എന്നിവ കാരണം വേതനം നൽകുന്നതിന് ബുദ്ധിമുട്ട് നേരിട്ടെന്നും സെഗ്രിഗേ
പരിചയക്കുറവ് പ്രവർത്തനത്തെ സാരമായി ബാധിച്ചുവെന്നും പ്രവർത്ത
മെച്ചപ്പെടുത്തുന്നതിന് ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം ആവശ്യമാണെ
ഭരണസമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ടിലൂടെ
ചെലവഴിച്ചതെന്നും അറിയിച്ചു. യൂസർഫീ പിരിവ് 17ശതമാനത്തിൽ നിന്നും 65 ശ
വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞുവെന്നും അറിയിച്ചു.

ലഭ്യമാക്കിയ പ്രൊജക്ട് വിശദാംശ പ്രകാരം 2020-21-ൽ 425000രൂപയും 2019-2
333652രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം പഞ്ചായത്തിന് നൽകാ
27889രൂപയാണെന്നതിനാൽ ഈയിനത്തിൽ അധികം തുക ചെലവഴിച്ചിട്ടി
ഉറപ്പുവരുത്തേണ്ടതും സമയപരിധിയ്ക്കുള്ളിൽ ഹരിതകർമ്മസേനാംഗങ്ങ
പ്രവർത്തനങ്ങളിലും വരുമാനത്തിലും സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനാവശ്യ
മോണിറ്ററിംഗ് ഉണ്ടാവേണ്ടതുമാണ്. കൂടാതെ ഹരിതസഹായ സ്ഥാപനത്തിൽ നി
ലഭ്യമായ പ്രവർത്തന റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം എല്ലാ വാർഡുകളിലും ആവശ്യ
എണ്ണം മിനി എം സി എഫുകൾ സ്ഥാപിക്കുന്നതിനും എല്ലാ സൗകര്യങ്ങളോടും കൂടിയ
സി എഫ് അടിയന്തിരമായി സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത
വാതിൽപ്പടി ശേഖരണം നടക്കുന്ന സമയത്ത് കൂടുതൽ അംഗങ്ങൾ അവധിയിൽ പോ

പ്രവണതയിൽ മാറ്റം വരുത്തുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും മാതൃകാപര
നടപടി ഉണ്ടാവേണ്ടതുമാണ്.

**1-18 കുടിവെള്ള വിതരണം - ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്**

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് പരിശോധനയിൽ വെള്ളക്കരമിനത്തിൽ വലിയ തുക കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. കുടിവെള്ളമിനത്തിൽ െ ടാപ്പും കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക്മീറ്റർ സ്ഥാപിച്ചുള്ള കുടി വിതരണവുമാണ് പഞ്ചായത്ത് നടത്തിവരുന്നത്. ഗുണഭോക്തൃസമിതിക നേതൃത്വത്തിലുള്ള കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തു പരിധിയിലില്ല. ഓഡിറ്റ് വ ഈയിനത്തിൽ താഴെപ്പറയുന്ന ചെലവുകൾ നടന്നിട്ടുണ്ട്.

| ഇനങ്ങൾ | തുക |
|---|---|
| Electric Charges Of Drinking Water | 260913 |
| Water Charges Of KWA Street Tap | 800748 |
| Bulk Purchase Of Water - Charges | 2166954 |
| Total | 3228615 |

**തൻ വർഷം പിരിച്ചെടുത്ത വാട്ടർ ചാർജ്**

| | |
|---|---|
| Water Charges (Current) | 69470 |
| Water Charges (Arrear) | 136640 |

**പിരിച്ചെടുക്കാനുള്ള വാട്ടർ ചാർജിന്റെ വിവരം**

| | |
|---|---|
| Receivables For Water Charges(Current) | 452200 |
| Receivables For Water Charges(Current) | 1422143 |

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 21 വാർഡുകളിൽ 17,18,19,20,21 വാർഡുകൾക്കാണ് ബ മീറ്റർ സ്ഥാപിച്ച് വാട്ടർ കണക്ഷൻ നൽകിയിരിക്കുന്നത്. കുടിവെള്ളക്കരം ഇനത്തി വരവിനെക്കാൾ ഭീമമായ ചെലവാണ് നിലവിലും നടത്തിവരുന്നത്. മറ്റുള്ള വാർഡുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നേരിട്ടുള്ള കുടിവെള്ള ഗാർഹിക കണക്ഷനുകളു പൊതു ടാപ്പുകൾ വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. കേരള വ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിൽ ആദ്യം ഉണ്ടായ 114 പൊതു കണക്ഷനുകളിൽ നിന്നും എണ്ണം 55 ആയി കുറവു ചെയ്തിട്ടുണ്ട്.

ബൾക്ക് മീറ്റർ കുടിവെള്ള പദ്ധതികൾ

17,18,19,20,21 എന്നീ വാർഡുകളിലെ ബൾക്ക് മീറ്റർ സ്ഥാപിച്ചുള്ള കുടിവെള്ള വിതരണത്ത് വാട്ടർ ചാർജ് ഗ്രാമ പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് അടവാക്കുകയും, കണ എടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ നിന്ന് നിശ്ചിത നിരക്കിൽ വെള്ളക്കരം പി ഈടാക്കുകയും ചെയ്യുന്നു. 2014-15 ൽ ഈ പദ്ധതി ആരംഭിക്കുന്ന സമയത്ത് ഗാർഹ കണക്ഷന് 70 രൂപയും ഗാർഹികേതര കണക്ഷന് 140 രൂപയുമാണ് ഈടാക്കിവരുന്നത്.

നിരക്ക് നിലവിലും തുടരുന്നു. ഗ്രാമ പഞ്ചായത്തിൽ നിലവിൽ 660 കുടിവെ കണക്ഷനുകളാണുള്ളത് (641 ഗാർഹികവും 19 ഗാർഹികേതരവും). ഈ കുടിവെ കണക്ഷനുകൾക്ക് മീറ്റർ വച്ചിട്ടില്ല .

കുടിശ്ശിക പിരിച്ചെടുക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, ഈയിനത്തി ചെലവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവയിൽ നൽകിയ ഓഡ അന്വേഷണത്തിന്(31/16-07-25) ലഭ്യമാക്കിയ മറുപടി ചേർക്കുന്നു.

എല്ലാ ഗുണഭോക്താക്കൾക്കും ഡിമാന്റ് നോട്ടീസ് അയക്കുകയും ആയത്പ്രകാരം 99 പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. 2017-18ൽ കുടിവെള്ളകണക്ഷൻ ല നിരവധി ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമല്ലാത്തതിനാൽ കണക്ഷൻ ലഭിച്ചതുമുതല അരിയർ തുകയും തന്നാണ്ട് തുകയും അടവാക്കാൻ സാധ്യമല്ല എന്ന് അപേ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തിയതിൽ കുടിവെ ലഭ്യമല്ല എന്ന ബോധ്യപ്പെടുകയും കുടിവെള്ള കുടിശ്ശിക പിരിക്കേണ്ടതില്ലെന്ന് സെക്രട്ടറ ഭരണസമിതി നിർദേശം നൽകിയിട്ടുണ്ടെന്നാണ്.

കുടിവെള്ള വിതരണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

1) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന ബൾക്ക് മീറ്റർ വാട്ടർ കണക്ഷൻചാർജ് കേരള വ അതോറിറ്റി വെള്ളക്കരം വർദ്ധിപ്പിക്കുന്നതനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഗുണഭോക്താക്ക വെള്ളക്കരത്തിന്റെ നിരക്കിൽ വർദ്ധന വരുത്തുന്നില്ല. മാർച്ച് 2025-ലെ കണക്കനുസ വാട്ടർ ചാർജ് ആയി പ്രതിമാസം ₹227573 വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നു ഗ്രാമപഞ്ചായത്ത് കുടിവെള്ളത്തിന്റെ ചാർജ് ആയി പ്രതിമാസം അടക്കുന്ന തുക ആനുപാതികമായല്ല ഗുണഭോക്താക്കളിൽ നിന്ന് വെള്ളക്കരം ഈടാക്കുന്നത്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും കുടിശ്ശിക പിരിച്ചെടുക്കാൻ നിർദേശിച്ചിട്ടുണ്ടെങ്ക ഇതുവരെയും ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപടികളെടുത്തതായി കാണുന്നില്ല. ഈ സ്ഥ തുടർന്നാൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് ശോഷണത്തിന് സാധ്യത കാണ മേൽപ്രകാരമുള്ള ചെലവുകൾ നിയന്ത്രിക്കുന്നതിനും ജലജീവൻ മിഷൻ പദ്ധതി നടപ്പില ഈയിനത്തിലെ ബാധ്യത ഒഴിവാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നട സ്വീകരിക്കേണ്ടതാണ്.

**<u>1-19 മാലിന്യം ഖരമാലിന്യപ്ലാന്റിലേക്ക് എത്തിക്കൽ -വാഹനവാടക</u>**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങൾ ഖരമാല പ്ലാന്റിലേക്ക് എത്തിക്കുന്നതിനായി ഉപയോഗിച്ച ട്രാക്ടറിന്റെ ഡ്രൈവറുടെ വേതനത്തിന 24-25 സാമ്പത്തികവർഷത്തിൽ (12x19710) രൂപയും ട്രാക്ടർ വാടകയിനത്തിൽ (12x24 രൂപയും ചെലവു ചെയ്തിട്ടുണ്ട്. ട്രാക്ടറിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ യാത്രക വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചരിച്ച ദൂരം രേഖപ്പെടുത്തിയിട്ടില്ല.

വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ നടത്തിയതിന്റെ രേഖകൾ, ക്വട്ടേ ഉറപ്പിച്ച വ്യക്തിയുമായി ഏർപ്പെട്ട കരാറുടമ്പടി, വാടക, മറ്റ് നിബന്ധനകൾ എന്ന പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (30/16.07.25) നൽ

ആയതിന് വിവിധ വാർഡുകളിൽ നിന്നും ജൈവ അജൈവ മാലിന്യ ശേഖരിക്കുന്നതിനായി 2019വർഷം മുതൽ ട്രാക്ടർ ഉപയോഗിച്ചുവരുന്നുണ്ടെന്നും വാട എടുക്കുന്നതിനായി ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഈ ഓഫീസിൽ ലഭ്യമല്ലെ ഇതുമായി ബന്ധപ്പെട്ട് 24.12.21, 19.04.22 തീയതികളിലെ പഞ്ചായത്ത് തീരുമ ലഭ്യമാക്കുന്നുവെന്നും മറുപടി ലഭ്യമാക്കി. 24.12.21-ലെ ഭരണസമിതി തീരുമാനത്ത വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡ്രൈവർ ഉൾപ്പടെയുള്ള ട്രാക്ടറ സേവനം വളരെയധികം പ്രയോജനപ്രദമാണെന്നും മാലിന്യ സംസ്കരണത്തിൽ പഞ്ചായ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നതെന്നും ആയതിന് ട്രാക്ടറിന്റെ സേ അനിവാര്യമാണെന്ന് വിലയിരുത്തുകയും പുതിയ സാമ്പത്തിക വർഷം മുതൽ ടെണ്ടർ നട വാഹനം വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ച് ക്വട്ടേഷൻ നടപടികളിലൂടെ വാഹ തിരഞ്ഞെടുക്കേണ്ടതും കൃത്യമായി വാഹന ഉടമയുമായി കരാറിൽ ഏർപ്പെട്ട് നിബന്ധന നിശ്ചയിക്കേണ്ടതുമാണ്. ഇതിൽ തുടർനടപടി സ്വീകരിച്ച് വിവരം രേഖകൾ സഹ അറിയിക്കേണ്ടതാണ്.

## 1-20 മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ-സ്റ്റോക്കിലെടുത്തതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | 19/25<br>മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ,ചെലവ് | ₹200000 (വികസനഫണ്ട് ജനറൽ) |
| ട്രഷറി ബിൽ നം. | 5/18.11.24 –₹200000 |

ഈ മേൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ നീതി മെഡിക സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. താമിനൽ 20 Ml ഇഞ്ചക്ഷൻ 3 എണ്ണമാണ് പ്രോ പ്രകാരം വാങ്ങിയിട്ടുള്ളത്(ഇൻവോയിസ് നം.11760/7.11.24).എന്നാൽ സ്റ്റോക്ക്- വിത രജിസ്റ്ററിൽ 5 എണ്ണം ലഭിച്ചതായും 5 എണ്ണം വിതരണം ചെയ്തതായും ചേർത്തിരിക്ക സ്റ്റോക്ക്- വിതരണ രജിസ്റ്ററിൽ മേൽപ്രകാരം തെറ്റായി വിവരങ്ങൾ ചേർത്തത് സംബന്ധ മറുപടി/ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/15.7 ക്ലറിക്കൽ തെറ്റ് മൂലം സംഭവിച്ചതാണ്, ഇത്തരം അപാകതകൾ ഭാവി< സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് നിർവഹണോദ്യോഗസ്ഥൻ മറു നൽകിയിട്ടുണ്ട്. സ്റ്റോക്ക്- വിതരണ രജിസ്റ്ററുകളിൽ കൃത്യതയോടെ രേഖപ്പെടുത്തലു നടത്തേണ്ടതാണ്.

## 1-21 ഭിന്നശേഷിക്കാർക്ക് കോക്ലിയർ ഇംപ്ലാന്റ്

| | |
|---|---|
| പ്രോജക്ട് | 289/25 |

| | |
|---|---|
| | ഭിന്നശേഷിക്കാർക്ക് കോക്ലിയർ ഇംപ്ലാന്റ് |
| നിർവഹണോദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ,ചെലവ് | ₹100000 (വികസനഫണ്ട് ജനറൽ) |
| ട്രഷറി ബിൽ നം. | 15/8.1.25 –₹100000 |

പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മുഹമ്മദ് ഷാനിഫ് S/O ഷ പുതുപ്പരിയാരം , തരുണിമ D/O രാജേഷ്-മുട്ടിക്കുളങ്ങര എന്നീ കുട്ടികളുടെ കോക്ല് ഇംപ്ലാന്റേഷൻ മെയിന്റനൻസിന് വേണ്ടി ഒരു കുട്ടിക്ക് അൻപതിനായിരം രൂപ പ്രകാരം ലക്ഷം രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ അടവാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക ( ആവശ്യത്തിന് വേണ്ടി വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ( ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധ നിർവഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/15.7 വിനിയോഗ സാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായി ലഭ്യമായാൽ ഉടനെ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ട വിനിയോഗ സാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമാ അറിയിക്കേണ്ടതാണ്.

**<u>1-22 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സോളാർ - പദ്ധതി പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതാണ്</u>**

| | |
|---|---|
| പ്രോജക്ട് | 81/25<br>കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സോളാർ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ,ചെലവ് | ₹1435258 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ട്രഷറി ബിൽ നം. | 6/30.12.24 –₹1435258 |

പുതുപ്പരിയാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ 20 KW സോളാർ സ്ഥാപിക്കുന്നത് ഡെപ്പോ( വർക്ക് ആയി നടപ്പാക്കുന്നതിന് ANERT പാലക്കാട്- ലേക്ക് 1435258 രൂപ മേൽ പ്രോ പ്രകാരം നൽകിയിട്ടുണ്ട്.

ഇൻവോയിസ് നം. - 97/ANERT(PKD)/2024 തി.6.11.2024

നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം, പൂർത്തീകര സംബന്ധിച്ച് നിലവിലെ സ്ഥിതി വിവരം തുടങ്ങിയ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യ( നിർവഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/11.7.25) നില( സൈറ്റ് ഇൻസ്പെക്ഷൻ പൂർത്തിയായെന്നും പണി ഉടനെ തുടങ്ങുമെന്നും ANERT, പാല( അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി മോണിറ്ററിംഗ് കൃത്യമ നിർവ്വഹിക്കേണ്ടതാണ്. നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വി( മറ്റ് തുടർനടപടി വിവരങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-23 കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി അധിക ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാരുടെ നിയമനം -അപാകതകൾ**

പുതുപ്പരിയാരം കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി അ ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകുന്നതിനായി ചു ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം. |
|---|---|---|---|---|
| 1 | ആർദ്രം പദ്ധതി സായാഹ്ന ഒ പി - പാരാമെഡിക്കൽ സ്റ്റാഫിനുള്ള വേതനം | ₹700000 | ₹677680 വികസനഫണ്ട് | 1/20.725 - ₹ 355685<br>3/30.12.25 - ₹ 84800<br>5/30.12.25 - ₹ 167595<br>7/15.1.25 – ₹ 21600<br>16/12.3.25 - ₹ 48000. |
| 2 | സായാഹ്ന ഒ പി ഡോക്ടർ വേതനം | ₹456000 | ₹445900 തനത്ഫണ്ട് | 22400674/25.9.24 - ₹ 63700<br>22400837/16.10.24 - ₹63700<br>22400976/18.11.24 - ₹ 63700<br>22401122/24.12.24 - ₹ 63700<br>22401265/24.1.25 - ₹ 63700<br>22401420/21.2.24 - ₹ 63700<br>22401581/21.3.25 - ₹ 63700 |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു

സയാഹ്ന ഒ പി പ്രവർത്തനത്തിനായി ഒരു ഡോക്ടറേയും പുറമേ രണ്ട് പാരമെഡി ജീവനക്കാരെയും (ഫാർമസിസ്റ്റ്-1, സ്റ്റാഫ് നേഴ്സ്-1) നിയമിക്കുകയും വേതനം നൽകു ചെയ്തിട്ടുണ്ട്. 28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ)115/2022 /LSGD പതിനാ പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.6.2 , 25.10.2023 തീയതിയിലെ തദ്ദേശ സ്വയംഭ വകുപ്പ് സർക്കുലർ ഡി എ 1 363/ 2023 തസ്വഭവ എന്നിവ പ്രകാരം പ്രാഥമിക ആരേ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ഡോക്ടർ-1 പാരാമെഡിക്കൽ സ്റ്റാ

എന്ന ക്രമത്തിലാണ് അധികമായി ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ ജീവനക്ക നിയമിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തികവർഷത്തിലെ പ്രോജക്ടുകളിലൂടെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറിനു പുറമേ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/11.7.25) ഈവനിംഗ് തുടങ്ങിയശേഷം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് ആശുപ പ്രവർത്തിക്കുന്നത്. ഫാർമസിസ്റ്റ്മാരുടെ ജോലിസമയം നാലുമണിവരെയാണ് നി രോഗികൾ ഉള്ളതുകൊണ്ടും ട്രെയിനിങ്, മീറ്റിംഗ്, അഡ്മിനിസ്ട്രേഷൻ വർക്ക് എ ഉള്ളതുകൊണ്ടും രോഗികൾക്ക് വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കാൻ ഒരാളെ കെ സാധിക്കുന്നില്ല. പുതിയ ഫാർമസി നിയമപ്രകാരം മറ്റു ജീവനക്കാർ മരുന്നുകൾ വിതര ചെയ്യുവാനും പാടില്ല, അതിനാലാണ് ഒരു ഡോക്ടറെയും രണ്ട് പാരാമെഡി ജീവനക്കാരെയും നിയമിച്ചതെന്നും, രണ്ട് പാരമെഡിക്കൽ സ്റ്റാഫ് ആശുപത്രി പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാലും എച്ച്എംസിയിൽ നി നിയമിക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും കാര്യങ്ങൾ ഭരണസമിതിയെ അറിയിച്ച തൽസ്ഥിതി തുടരുവാൻ അനുവദിക്കുകയാണ് ഉണ്ടായത് എന്നുമ നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ)115/2022 /LSGD പതിനാലാം പഞ്ചവത്സര പ സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ ഖണ്ഡിക 7.6.2 , 25.10.2023 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ ഡി 363/ 2023 തസ്വഭവ എന്നിവ പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേ എന്നിവിടങ്ങളിൽ ഡോക്ടർ-1 പാരാമെഡിക്കൽ സ്റ്റാഫ്-1 എന്ന ക്രമത്തിലാണ് അധികമ ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കേണ്ടത് എന്ന വ്യ പാലിക്കപ്പെട്ടിട്ടില്ല. അധികമായി ജീവനക്കാരെ നിയമിച്ച പ്രവർത്തിക്ക് സർ അംഗീകാരം വാങ്ങേണ്ടതാണ്.

## 1-24 കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി നിയമിച്ച ഡോക്ടർക്ക് അധിക വേതനം അനുവദിച്ചു

പുതുപ്പരിയാരം കുടുംബാരോഗ്യ കേന്ദ്രത്തിലെ സായാഹ്ന ഒ പി പ്രവർത്തനത്തിനായി ക അടിസ്ഥാനത്തിൽ ഡോക്ടറെ നിയമിച്ച് വേതനം നൽകുന്നതിനായി മെഡിക്കൽ ഓഫീ കുടുംബാരോഗ്യകേന്ദ്രം നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രക തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം. |
|---|---|---|---|
| സായാഹ്ന ഒ പി ഡോക്ടർ വേതനം | ₹456000 | ₹445900 തനത്ഫണ്ട് | 22400674/25.9.24 - ₹ 63700<br>22400837/16.10.24 - ₹63700 |

| | | | | |
|---|---|---|---|---|
| | | | | 22400976/18.11.24 - ₹ 63700<br>22401122/24.12.24 - ₹ 63700<br>22401265/24.1.25 - ₹ 63700<br>22401420/21.2.24 - ₹ 63700<br>22401581/21.3.25 - ₹ 63700 |

10.07.2023 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം. ഡിബി3/1 2023 /തസ്വഭവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ദിവസവേതന/ ക അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് 11.2.2021 ലെ 29/2021/ധന ഉത്ത പ്രകാരമുള്ള വേതനമാണ് നൽകേണ്ടത്. ആയതുപ്രകാരം കരാർ അടിസ്ഥാനത്ത നിയമിക്കപ്പെടുന്ന ഡോക്ടർക്ക് പരമാവധി 57525 രൂപയും ദിവസവേതന അടിസ്ഥാനത്ത നിയമിക്കപ്പെടുന്ന ഡോക്ടർക്ക് പരമാവധി 52920 രൂപയുമാണ് വേതനമായി നൽകാവുന എന്നാൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് 2024 ഓഗസ്റ്റ് മുതൽ പ്രവൃത്തി എടുക ഡോക്ടർക്ക് (ഡോക്ടർ അശ്വതി പുഷ്പകരൻ) മേൽ പ്രോജക്ട് പ്രകാരം 2024 ആഗസ്റ്റ് മു ഫെബ്രുവരി വരെയുള്ള 7 മാസത്തെ വേതനം മേൽ ഉത്തരവുകളിൽ നിന്നും അധിക നിരക്കിൽ (63700 രൂപ ) ആണ് നൽകിയിട്ടുള്ളത്.

| | |
|---|---|
| ആകെ അധികം നൽകിയ വേതനം | (63700-57525) X 7 = 43225 രൂപ |

